**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2636** **07-07-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാരുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | 15.07.2015 -ലെ സ. ഉ. (കയ്യെഴുത്ത്) 87/2015/ സഹ. നമ്പർ ഉത്തരവ് പ്രകാരം സഹകരണ സംഘങ്ങളിലെ കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്തി ആനുകൂല്യങ്ങൾ നൽകണമെന്ന് നിർദ്ദേശം ഉണ്ടായിട്ടും പല സഹകരണ സംഘങ്ങളും ഇത് പാലിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സഹകരണ സംഘം/ബാങ്കുകളിലെ നിക്ഷേപ, വായ്പ കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്തി അനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. വയനാട്, കോഴിക്കോട് എന്നീ ജില്ലകളിലെ പല സംഘങ്ങളും ടി നിർദ്ദേശങ്ങൾ പാലിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്ന കളക്ഷൻ എജന്റുമാർക്ക് ആറുമാസത്തിലധികമായി ഇൻസെന്റീവ് ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | സാമൂഹ്യ, സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്ന കളക്ഷൻ ഏജന്റുമാർക്ക് ഇൻസെന്റീവ് ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതു പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സഹകരണ സംഘങ്ങളിലെ മറ്റു ജീവനക്കാർക്ക് ലഭിക്കുന്ന ലോൺ, ഇൻഷ്വറൻസ് തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും കളക്ഷൻ ഏജന്റുമാർക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (സി) | സഹകരണ സംഘങ്ങളിലെ മറ്റു ജീവനക്കാർക്ക് ലഭിക്കുന്ന ലോൺ, ഇൻഷ്വറൻസ് തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും കളക്ഷൻ ഏജന്റുമാർക്കും ലഭ്യമാകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ